**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ശാലിനി ഗോപിനാഥ്**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - വകുപ്പിലെ ഒരു ലാബ് അസിസ്റ്റന്റിന് ലാബ് ടെക്നീഷ്യനായി വകുപ്പുതല ബൈ-ട്രാൻസ്ഫർ സ്ഥാനക്കയറ്റം നൽകി 31,100--66,800 രൂപാ ശമ്പള സ്കെയിലിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം. DDDKER/576/2026-E1 തിരുവനന്തപുരം,തീയതി : 24-02-2026

പരാമർശം:-

1. ജി.ഒ. (പി) നം. 116/75/അഗ്രി (ഡെയറി 1), തീയതി : 27.03.1975.
2. ജി.ഒ. (പി) നം. 258/2011/എ.ഡി., തീയതി : 25.11.2011 (S.R.O. 761/2011).
3. വകുപ്പിലെ ലാബ് അസിസ്റ്റന്റുമാരുടെ 01.01.2025 പ്രാബല്യത്തിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
4. സ.ഉ. (അച്ചടി) നം. 8/2025/ഡി.ഡി., തീയതി : 15.04.2025.
5. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 25.06.2025 ലെ DDDKER/274/2025-E1 നമ്പർ ഉത്തരവ്.
6. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാളിന്റെ 16.02.2026 ലെ DTCPKD/441/2025-SRC-A നമ്പർ കത്ത്.
7. ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 19.02.2026 ലെ DDTVM/124/2026-CE നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിലെ ലാബ് ടെക്നീഷ്യനായിരുന്ന ശ്രീ. രാധാകൃഷ്ണൻ എം.ബി. സൂപ്പർ ആന്വേഷനിൽ 31.01.2026 അപരാഹ്നം സേവനത്തിൽ നിന്നും വിരമിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ടി ഒഴിവിലേക്ക് ഒരു ലാബ് ടെക്നീഷ്യനെ നിയമിക്കണമെന്ന് ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ അപേക്ഷിച്ചിരുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, മേൽപരാമർശം 1, 2, 4 പ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും മേൽപരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ അർഹതയ്ക്ക് വിധേയമായും താഴെപ്പറയും പ്രകാരം വകുപ്പിലെ ഒരു ലാബ് അസിസ്റ്റന്റിന് ലാബ് ടെക്നീഷ്യനായി ബൈ-ട്രാൻസ്ഫർ സ്ഥാനക്കയറ്റം നൽകി 31,100--66,800 രൂപാ ശമ്പള സ്കെയിലിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിൽ

നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ലാബ് ടെക്നീഷ്യനായി സ്ഥാനക്കയറ്റം ലഭിക്കുന്ന ലാബ് അസിസ്റ്റന്റിന്റെ പേര് (PEN). | ലാബ് അസിസ്റ്റന്റായി നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം, ജില്ല | ലാബ് ടെക്നീഷ്യനായി നിയമിതനാകുന്ന കാര്യാലയം, ജില്ല |
|---|---|---|---|
| 1 | ശ്രീ. മനേഷ് ജെ. (440749) | സ്റ്റേറ്റ് ഡെയറി ലാബ്, തിരുവനന്തപുരം | ക്ഷീരപരിശീലന കേന്ദ്രം, ആലത്തൂർ, പാലക്കാട് |

ലാബ് ടെക്നീഷ്യനായി സ്ഥാനക്കയറ്റം ലഭിച്ച മേൽപ്പറഞ്ഞിരിക്കുന്ന ജീവനക്കാരനെ നിയമാനുസൃതം നിലവിലെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ ചെയ്ത വിവരവും പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച വിവരവും ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ലാബ് ടെക്നീഷ്യൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ തുടർച്ചയായ 2 വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷൻ കാലയളവ് ആയിരിക്കുന്നതാണ്.

Digitally signed by
SALINI GOPINATH
Date: 24-02-2026
18:11:03

**ഡയറക്ടർ**
**(PEN. 498485)**

To:- ശ്രീ. മനേഷ് ജെ. (PEN. 440749), ലാബ് അസിസ്റ്റന്റ്, സ്റ്റേറ്റ് ഡെയറി ലാബ്, തിരുവനന്തപുരം (ഓഫീസ് മേലധികാരി മുഖേന).

പകർപ്പ് :- 1) ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഡെയറി ലാബ്, പട്ടം, തിരുവനന്തപുരം.

2) പ്രിൻസിപ്പാൾ, ക്ഷീരപരിശീലന കേന്ദ്രം, ആലത്തൂർ, പാലക്കാട്.

3) ഡയറക്ടറുടെ മേശപ്പുറത്ത്.

4) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ലാനിംഗ്).

6) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

7) എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും.

8) ഈ കാര്യാലയത്തിലെ മറ്റെല്ലാ ഓഫീസർമാർക്കും.

9) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

10) ഡെയറി ഫാം ഇൻസ്ട്രക്ടർ (റ്റി.സി. ആന്റ് ഐ.ടി. സെൽ) (ഉത്തരവ് വെബ്-സൈറ്റിൽ കൂട്ടിച്ചേർക്കുന്നതിനായി).

10) എല്ലാ സീറ്റുകൾക്കും.

11) നോട്ടീസ് ബോർഡ്.